REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 15-09-2026 | സമയം 06.45 AM

## പ്രധാന വാർത്തകൾ

- **അഞ്ചാമത് സെമിക്കോൺ ഇന്ത്യ എക്സിബിഷൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി മറ്റന്നാൾ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.**
- **രണ്ട് ദിവസത്തെ കേരള സന്ദർശനം പൂർത്തിയാക്കി മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം, മാലിദ്വീപിലേയ്ക്ക് തിരിച്ചു.**
- **സംസ്ഥാനത്ത് അടുത്തമാസത്തോടെ 100 ദിന കർമ്മപദ്ധതിയുടെ ഭാഗമായി പതിനായിരത്തിലധികം പട്ടയങ്ങൾ വിതരണം ചെയ്യുമെന്ന് മന്ത്രി എ.പി. അനിൽകുമാർ.**
- **CPIM വിപുലീകൃത സംസ്ഥാന കമ്മറ്റി യോഗം ഇന്ന് കോഴിക്കോട് സമാപിക്കും.**
- **ഇന്ത്യ - അഫ്ഗാനിസ്ഥാൻ പുരുഷ ടി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് ന്യൂഡൽഹിയിൽ.**

## വാർത്തകൾ വിശദമായി

സെമിക്കോൺ ഇന്ത്യ 2026 എക്സിബിഷന്റെ അഞ്ചാം പതിപ്പ് മറ്റന്നാൾ ന്യൂഡൽഹിയിലെ യശോഭൂമിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും. മൂന്ന് ദിവസത്തെ പരിപാടിയിൽ 600 ലധികം പ്രദർശകരും 300 അന്താരാഷ്ട്ര കമ്പനികളും 40 ലധികം രാജ്യങ്ങളിൽ നിന്ന് പ്രതിനിധികളും പങ്കെടുക്കും. ആറ് കൺട്രി പവലിയനുകൾ, പന്ത്രണ്ട് സംസ്ഥാന ഗവൺമെന്റ് പവലിയനുകൾ, ഒരു പ്രത്യേക സ്റ്റാർട്ടപ്പ് പവലിയൻ എന്നിവ എക്സിബിഷനിൽ ഉണ്ടായിരിക്കും.

ഇന്ത്യ സെമികണ്ടക്ടർ മിഷൻ, ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം, സെമി എന്നിവർ സംയുക്തമായാണ് ഇന്ത്യയിലെ മുൻനിര സെമികണ്ടക്ടർ കോൺഫറൻസും, എക്സിബിഷനുമായ സെമിക്കോൺ ഇന്ത്യ സംഘടിപ്പിക്കുന്നത്. ആഗോള സെമികണ്ടക്ടർ, ഇലക്ട്രോണിക്സ് മേഖലകളെ ഒരുമിച്ച് കൊണ്ടുവരുന്നതിനും സഹകരണം, നവീകരണം, നിർമാണം, നിക്ഷേപം, കഴിവ് വികസനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും പ്രധാന പ്ലാറ്റ്ഫോമായി ഇത് പ്രവർത്തിക്കുന്നു.

✪✪✪

ഇന്ത്യയുടെ അധ്യക്ഷതയിൽ ചേർന്ന 18-ാമത് ബ്രിക്സ് ഉച്ചകോടി വൻ വിജയമാണെന്ന് US കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പ്രമുഖ വിശകലന വിദഗ്ദ്ധൻ. വിവിധ വീക്ഷണങ്ങളുള്ള രാജ്യങ്ങൾക്കിടയിൽ പരസ്പര ധാരണയും സമവായവും രൂപീകരിക്കുന്നതിൽ ഇന്ത്യയുടെ ശേഷിയാണ് ഉച്ചകോടിയിൽ അംഗീകരിച്ച പ്രഖ്യാപനത്തിലൂടെ വ്യക്തമാകുന്നതെന്ന് അറ്റ്ലാന്റിക് കൗൺസിലിലെ സൗത്ത് ഏഷ്യ സീനിയർ ഫെലോ ആയ മൈക്കൽ കുഗൽമാൻ വിലയിരുത്തി.

ഇന്ത്യയുടെ നേതൃത്വത്തിൽ രണ്ട് ദിവസം നീണ്ടുനിന്ന ഉച്ചകോടി ഞായറാഴ്ചയാണ് സമാപിച്ചത്.

റഷ്യൻ പ്രസിഡന്റ് വ്ലാദിമിർ പുടിൻ, ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ് ഉൾപ്പെടെ ലോക നേതാക്കൾ പങ്കെടുത്ത ഉച്ചകോടിയിൽ, ശനിയാഴ്ചയാണ് ന്യൂഡൽഹി പ്രഖ്യാപനം 2026 ഏകകണ്ഠമായി അംഗീകരിച്ചത്.

✪✪✪

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണനും, പ്രധാനമന്ത്രി നരേന്ദ്ര മോദിയും ന്യൂഡൽഹിയിൽ കേന്ദ്രമന്ത്രി പിയൂഷ് ഗോയലിന്റെ വസതിയിൽ നടന്ന ഗണേശ ചതുർത്ഥി ആഘോഷത്തിൽ പങ്കെടുത്തു.

ഈ ആഘോഷവുമായി ബന്ധപ്പെട്ട ഭക്തിയും ഊഷ്മളതയും ഒത്തൊരുമയുടെ ഭാവവും തികച്ചും സവിശേഷമാണെന്ന് ഉപരാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

രണ്ട് ദിവസത്തെ കേരള സന്ദർശനം പൂർത്തിയാക്കി മടങ്ങിയ മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമിന് കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഔദ്യോഗിക യാത്രയയപ്പ് നൽകി. ഇന്നലെ വൈകിട്ട് 7.15-ന് മലേഷ്യൻ എയർലൈൻസ് വിമാനത്തിൽ മാലിദ്വീപിലേക്കാണ് അദ്ദേഹം യാത്ര തിരിച്ചത്. സംസ്ഥാന ഗവൺമെന്റിനെ പ്രതിനിധീകരിച്ച്

മലപ്പുറം ജില്ലാ കലക്ടർ ഡോ. വിനോയ് ഗോയലിന്റെ നേതൃത്വത്തിലാണ് അദ്ദേഹത്തിന് യാത്രയയപ്പ് നൽകിയത്.

✪✪✪

കേരള സന്ദർശനത്തിന്റെ ഭാഗമായി മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം പ്രമുഖ വ്യവസായികളുമായും നിക്ഷേപകരുമായും മലപ്പുറം ചേലേമ്പ്രയിൽ കൂടിക്കാഴ്ച നടത്തി. കേരളവും മലേഷ്യയും തമ്മിലെ സാമ്പത്തിക, വ്യവസായ, നിക്ഷേപ മേഖലകളിലെ സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ് കൂടിക്കാഴ്ച. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, എം.കെ. രാഘവൻ എം.പി. എന്നിവരുടെ സാന്നിധ്യത്തിൽ ചേലേമ്പ്രയിലെ സ്വകാര്യ വെൽനെസ്സ് സെന്ററിലായിരുന്നു കൂടിക്കാഴ്ച.

സംസ്ഥാനത്തിന്റെ വ്യവസായ-വാണിജ്യ മേഖലയിൽ മലേഷ്യൻ നിക്ഷേപത്തിന് വലിയ സാധ്യതകളുണ്ടെന്ന് കൂടിക്കാഴ്ചയിൽ വിലയിരുത്തി. കേരളത്തിലെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വ്യവസായികളും മലേഷ്യയിൽ നിന്നുള്ള നിക്ഷേപകരും ചർച്ചയിൽ പങ്കെടുത്തു. സംസ്ഥാനത്തെ നിക്ഷേപ സാധ്യതകൾ, പുതിയ സംരംഭങ്ങൾ, വ്യവസായ വികസനം, അടിസ്ഥാന സൗകര്യങ്ങൾ, വ്യാപാര ബന്ധങ്ങൾ തുടങ്ങിയ വിഷയങ്ങൾ കൂടിക്കാഴ്ചയിൽ ചർച്ചയായി.

✪✪✪

കോഴിക്കോട് - ക്വോലലംപൂർ മേഖലയിൽ മലേഷ്യ എയർലൈൻസ് നേരിട്ട് വിമാന സർവീസ് ആരംഭിക്കണമെന്ന് MK രാഘവൻ എം പി, മലേഷ്യൻ പ്രധാന മന്ത്രി അൻവർ ഇബ്രാഹിമുമായുള്ള കൂടിക്കാഴ്ചയിൽ ആവശ്യപ്പെട്ടു.

ഉന്നയിച്ച കാര്യങ്ങൾ വളരെ താല്പര്യപൂർവ്വം ശ്രദ്ധിച്ച മലേഷ്യൻ പ്രധാനമന്ത്രി, ആവശ്യം അനുഭാവ പൂർവം പരിഗണിക്കുമെന്ന് അറിയിച്ചതായി MK രാഘവൻ പറഞ്ഞു.

✪✪✪

അമ്പതിനായിരം രൂപയിൽ താഴെ വരുമാനമുള്ളവർക്ക് കേന്ദ്രഗവണ്മെന്റ് സൗജന്യമായി കാറുകൾ നൽകുമെന്ന് സാമൂഹിക മാധ്യമത്തിൽ പ്രചരിക്കുന്ന വീഡിയോ കേന്ദ്ര ഗവണ്മെന്റ് നിഷേധിച്ചു. ഈ വീഡിയോ AI ഉപയോഗിച്ച് നിർമ്മിച്ചതാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധനാവിഭാഗം വ്യക്തമാക്കി. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇത്തരമൊരു പ്രഖ്യാപനം നടത്തിയിട്ടില്ലെന്നും അവർ അറിയിച്ചു.

സാമൂഹിക മാധ്യമത്തിൽ പ്രചരിക്കുന്ന വിഡിയോകളെക്കുറിച്ച് ജനങ്ങൾ ജാഗ്രതപാലിക്കണമെന്നും, ഗവണ്മെന്റ് പദ്ധതികളുമായി ബന്ധപ്പെട്ട വിവരങ്ങൾ ഔദ്യോഗിക സ്രോതസ്സുകൾ വഴി മാത്രം സ്ഥിരീകരിക്കണമെന്നും വസ്തുതാ പരിശോധനാവിഭാഗം അറിയിച്ചു.

✪✪✪

രാജസ്ഥാനിൽ നഗര തദ്ദേശ ഭരണ തിരഞ്ഞെടുപ്പിൽ ഭരണകക്ഷിയായ BJPക്ക് വൻ മുന്നേറ്റം. സംസ്ഥാനത്തുടനീളം 10,245 വാർഡുകളിലേക്ക് നടന്ന വോട്ടെടുപ്പിലാണ് BJP ഭൂരിപക്ഷം നേടിയത്. വിജയത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി രാജസ്ഥാൻ ജനതയെ അഭിനന്ദിച്ചു. പാർട്ടിയുടെ ഈ വിജയം അസത്യ പ്രചാരണങ്ങൾക്ക് മേൽ സത്യം നേടിയ വിജയത്തിന്റെ തെളിവാണെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമ കുറിപ്പിൽ അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് അടുത്ത മാസത്തോടെ 100 ദിന കർമ്മപദ്ധതിയുടെ ഭാഗമായി പതിനായിരത്തിലധികം പട്ടയങ്ങൾ വിതരണം ചെയ്യുമെന്ന് മന്ത്രി എ.പി. അനിൽകുമാർ പറഞ്ഞു. 50,000-ത്തിലധികം ഭൂമി തരംമാറ്റ അപേക്ഷകൾക്കും പരിഹാരം കാണാനാകുമെന്നും മന്ത്രി പറഞ്ഞു. കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ, നാദാപുരം സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. സമ്പൂർണ്ണ ഡിജിറ്റൈസേഷൻ ആണ് റവന്യൂ വകുപ്പ് ലക്ഷ്യമിടുന്നതെന്ന് മന്ത്രി അറിയിച്ചു.

പൊതുജനങ്ങൾ വില്ലേജ് ഓഫീസുകളിൽ നേരിട്ടെത്തി അപേക്ഷ നൽകുന്ന കാലം മാറിയെന്നും വിരൽത്തുമ്പിൽ സേവനങ്ങൾ ലഭ്യമാക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ നൂറുദിന കർമ പരിപാടിയുടെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് സ്കൂളുകളിൽ നടപ്പാക്കുന്ന 'പൊൻ ചിറകുകൾ' പദ്ധതിക്ക് ഇന്ന് തുടക്കം. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം രാവിലെ മന്ത്രി ബിന്ദു കൃഷ്ണ കൊല്ലം തൃക്കരുവ ഗ്രാമപഞ്ചായത്തിലെ പ്രാക്കുളം NSS ഹയർ സെക്കൻഡറി സ്കൂളിൽ നിർവഹിക്കും. ഇതോടൊപ്പം ക്ഷീരകർഷകർക്ക് സാന്ത്വനമാകുന്ന NLM ഗോസമൃദ്ധി കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയും മന്ത്രി ഉദ്ഘാടനം ചെയ്യും. 'പൊൻ ചിറകുകൾ' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ 5 മുതൽ 9 വരെ ക്ലാസുകളിലെ വിദ്യാർഥികൾക്ക് 5 താറാവിൻ കുഞ്ഞുങ്ങളെ വീതം സൗജന്യമായി വിതരണം ചെയ്യും.

✪✪✪

ബജറ്റിൽ പ്രഖ്യാപിച്ച പ്രധാന വികസന പദ്ധതികൾ നടപ്പാക്കുന്നതിന് രൂപരേഖ തയ്യാറാക്കാൻ സംസ്ഥാന ഗവൺമെന്റ് സംഘടിപ്പിക്കുന്ന 'റീഇമാജിനിങ് കേരളം' വട്ടമേശ സമ്മേളനം നാളെ തിരുവനന്തപുരത്ത് ആരംഭിക്കും. വെള്ളിയാഴ്ച വരെയാണ് സമ്മേളനം. മന്ത്രിമാർ, ഉന്നത ഉദ്യോഗസ്ഥർ, വിവിധ മേഖലകളിലെ വിദഗ്ധർ എന്നിവരെ ഒരുമിച്ചുചേർത്ത് പദ്ധതികൾക്ക് രൂപം നൽകുകയും അവ നടപ്പാക്കുകയുമാണ് ലക്ഷ്യം. സമ്മേളന ലോഗോ മുഖ്യമന്ത്രി VD സതീശൻ പ്രകാശനം ചെയ്തു.

✪✪✪

ഇന്ന് 'അന്താരാഷ്ട്ര ജനാധിപത്യ ദിനം". "മനുഷ്യാവകാശങ്ങൾക്ക് പ്രാധാന്യം നൽകുക" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. 2007-ൽ ഐക്യരാഷ്ട്രസഭയുടെ പൊതുസഭ പ്രമേയം പാസാക്കി, 2008-ലാണ് ദിനം ആചരിക്കാൻ തുടങ്ങിയത്.

ആഗോളതലത്തിൽ ജനാധിപത്യത്തിന്റെ അവസ്ഥ വിലയിരുത്തി, ജനാധിപത്യ തത്വങ്ങൾ പ്രോത്സാഹിപ്പിക്കുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം .

✪✪✪

CPIM വിപുലീകൃത സംസ്ഥാന കമ്മറ്റി യോഗം ഇന്ന് കോഴികോട് സമാപിക്കും. ഇതോടനുബന്ധിച്ച് വൈകിട്ട് ബീച്ചിലെ "ഫ്രീഡം സ്ക്വയറിൽ" ബഹുജന റാലി നടത്തും. പാർട്ടി ജനറൽ സെക്രട്ടറി MA ബേബി, പോളിറ്റ് ബ്യൂറോ അംഗവും പ്രതിപക്ഷ നേതാവുമായ പിണറായി വിജയൻ, സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ തുടങ്ങിയവർ സംബന്ധിക്കും.

വിപുലീകൃത സംസ്ഥാന സമിതിയിൽ പാർട്ടിയുടെ മികച്ച പ്രവർത്തനത്തിന് ഉതകുന്ന നിരവധി നിർദ്ദേശങ്ങൾ ഉയർന്നതായി സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

✪✪✪

CPIM ന്റെ ബഹുജന റാലിയോടനുബന്ധിച്ച് കോഴിക്കോട് നഗരത്തിൽ ഇന്ന് ഗതാഗത നയന്ത്രണം. ബീച്ച് ഭാഗത്തേക്ക് വൈകുന്നേരം 3 മുതൽ വാഹനങ്ങൾക്ക് നിയന്ത്രണം ഉണ്ടായിരിക്കും. ബഹുജനങ്ങളും ഡ്രൈവർമാരും ബദൽപാതകൾ ഉപയോഗിച്ച് ഗതാഗത നിയന്ത്രണങ്ങളോട് സഹകരിക്കണമെന്ന് പോലീസ് അറിയിച്ചു.

✪✪✪

ഇന്ത്യ അഫ്ഗാനിസ്ഥാൻ പുരുഷ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. ന്യൂഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. മൂന്ന് മത്സര പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയ്ക്കായിരുന്നു വിജയം. പരമ്പരയിലെ മൂന്നാമത്തെ മത്സരം മറ്റന്നാൾ ഇതേ വേദിയിൽ നടക്കും.

✪✪✪

ISSF ജൂനിയർ വേൾഡ് കപ്പ് ഷോട്ട്ഗൺ മത്സരം ഇന്ന് ഇറ്റലിയിൽ ആരംഭിക്കും. 20 അംഗ ഇന്ത്യൻ ടീമിനെ ഏഷ്യൻ ട്രാപ്പ് ചാമ്പ്യൻ സബീറ ഹാരിസാണ് നയിക്കുന്നത്. പുരുഷ-വനിതാ ട്രാപ്പ്, സ്കീറ്റ്, മിക്സഡ് ടീം ട്രാപ്പ് എന്നിവയുൾപ്പെടെ അഞ്ച് മെഡൽ ഇനങ്ങളിൽ ഇന്ത്യൻ ടീം മത്സരിക്കും. 30 ഫെഡറേഷനുകളിൽ നിന്നായി ആകെ 218 ഷൂട്ടർമാർ മത്സരിക്കും. ടൂർണമെന്റ് ശനിയാഴ്ച സമാപിക്കും.

✪✪✪

സംസ്ഥാന സ്കൂൾ ഗ്രൂപ്പ് വൺ ഗെയിംസ് ചാമ്പ്യൻഷിപ്പിലെ ഗുസ്തി മത്സരത്തിൽ കണ്ണൂർ ചാമ്പ്യന്മാരായി. 131 പോയിന്റോടെയാണ് കണ്ണൂർ കിരീടം നേടിയത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ....

...........വോയ്സ്..........

മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിൽ 20 സ്വർണ്ണവും 8 വെള്ളിയും 7 വെങ്കലവും നേടിയാണ് കണ്ണൂർ ഗുസ്തിയിൽ കിരീടം ചൂടിയത്. 17 സ്വർണവും , 4 വെള്ളിയും , 15 വെങ്കലവും നേടി 112 പോയിന്റോടെ തിരുവനന്തപുരം രണ്ടാം സ്ഥാനവും 4 സ്വർണവും , 7 വെള്ളിയും , 13 വെങ്കലവും നേടി 54 പോയിന്റോടെ പാലക്കാട് ജില്ലാ മൂന്നാം സ്ഥാനവും കരസ്തമാക്കി .

ഇന്ന് സീനിയർ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും തൈക്കോണ്ടോ മത്സരം മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിലും ജൂനിയർ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഫെൻസിങ് തലശ്ശേരി ബാസ്ക്കറ്റ് ബോൾ കോർട്ടിലും കണ്ണൂർ സെന്റ്മൈക്കിൾസ് ആംഗ്ലോ ഇന്ത്യൻ ഹയർസെക്കന്ററിസ്കൂളിൽ ചെസ്സ് മത്സരവും നടക്കും. നാല് ദിവസങ്ങളിലായി സംഘടിപ്പിച്ച ചാമ്പ്യൻഷിപ്പ് ഇന്ന് സമാപിക്കും.

✪✪✪

പോഷണമൂല്യമുള്ളതും ആരോഗ്യദായകവുമായ ഭക്ഷണം കുട്ടികളുടെ അവകാശമാണെന്ന് മന്ത്രി VE അബ്ദുൾ ഗഫൂർ പറഞ്ഞു. കണ്ണൂർ നാറാത്ത് ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ LP സ്കൂൾ വിദ്യാർത്ഥികൾക്കായി തുടങ്ങുന്ന 'സമൃദ്ധി പ്രഭാത ഭക്ഷണ പദ്ധതി' കണ്ണാടിപ്പറമ്പ ദേശ സേവാ UP സ്കൂളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

സംസ്ഥാനത്ത് ചില ജില്ലകളിൽ ഇന്നും, നാളെയും മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്നും, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രതയാണ്. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ തീരങ്ങളിൽ രാത്രി 11.30 വരെ കടലാക്രമണത്തിന് സാധ്യതയുണ്ടെന്നും, മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണമെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

✪✪✪

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ മുതിർന്ന വൈദീകൻ കുന്നക്കുരുടി നാരകത്ത് വി. വി. ബഹനാൻ കോർ എപ്പിസ്കോപ്പ നിര്യാതനായി. കോലഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിലായിരുന്നു 93-കാരനായ അദ്ദേഹ ത്തിന്റെ അന്ത്യം. സഭയുടെ അങ്കമാലി, കണ്ടനാട്, കോട്ടയം സെൻട്രൽ എന്നീ ഭദ്രാസനങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

നാളെ ഉച്ചയ്ക്ക് ഒരു മണിക്ക് കുന്നക്കുരുടി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് കത്തീഡ്രൽ ദേവലയത്തിൽ സമാപന ശുശ്രൂഷക്ക്, മലങ്കരസഭ മേലധ്യക്ഷൻ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവാ മുഖ്യകാർമ്മികത്വം വഹിക്കും.

✪✪✪

കന്നി മാസ പൂജകൾക്കായി ശബരിമല നട നാളെ വൈകിട്ട് അഞ്ചിനു തുറക്കും. കന്നി മാസം ഒന്നായ മറ്റന്നാൾ രാവിലെ അഞ്ചു മുതൽ പൂജകൾ ആരംഭിക്കും. പൂജകൾ പൂർത്തിയാക്കി ഈ മാസം 21 ന് രാത്രി 10 ന് നട അടയ്ക്കും.

✪✪✪

*News Editor പി ചന്ദ്രബാബു*
*News Reader: സബിത കെ*
*News Team: സയ്യിദ് അലി ശിഹാബ്*
*DEO : സി കെ സുബോധ്*